കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി നടപ്പിലാക്കുന്നതിന് അനുമതി നൽകിയത് ഭേദഗതി വരുത്തിയും അക്കൗണ്ട് തുടങ്ങുന്നതിനുള്ള സ്പഷ്ടീകരണം നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 3456/2012/തസ്വഭവ                    തീയതി, തിരുവനന്തപുരം 14/12/2012.

==========================================================================

പരാമർശം: 1) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 20/9/2012ലെ മീറ്റിങ്ങിലെ തീരുമാനം.

2) സ.ഉ(സാധ)നം.2738/12/തസ്വഭവ തീയതി 29.9.2012.

3) 28.11.2012ലെ എടക്കാട് ബ്ലോക്ക് പഞ്ചായത്ത് മെമ്പറുടെ കത്ത്.

**<u>ഉത്തരവ്</u>**

സാമൂഹ്യ സുരക്ഷാപെൻഷൻ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി വിതരണം നടത്തുന്നതിന് പരാമർശം(1)ലെ തീരുമാന പ്രകാരം പരാമർശം രണ്ടിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി സുരക്ഷാപെൻഷനുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും ആനുകൂല്യം കൈപററുന്നതിനും ബാങ്കുകളിലും പോസ്റ്റോഫീസുകളിലും നേരിട്ട് ഹാജരാകാൻ കഴിയാത്ത വൃദ്ധരും അവശത അനുഭവിക്കുന്നവരും, വിഭിന്നശേഷിയുള്ളവരുമായ ഗുണഭോക്താക്കൾക്ക് അവരുടെ താൽപര്യപ്രകാരം(ഓപ്ഷൻ) മണിയോർഡർ മുഖേന തുടർന്നും പെൻഷൻ ലഭ്യമാക്കുന്നതിന് വേണ്ടി നിലവിൽ പരാമർശം(2) പ്രകാരമുള്ള ഉത്തരവ് ഭേദഗതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം(3)ലെ കത്ത് പ്രകാരം എടക്കാട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ആവശ്യപ്പെട്ട പ്രകാരം അക്കൗണ്ട് തുടങ്ങുന്നതിന് ഡിസംബർ 31-ാം തീയതി വരെ കാലാവധി നൽകണമെന്ന ആവശ്യം സർക്കാർ വിശദമായി പരിശോധിക്കുകയും, നിശ്ചിത തീയതിക്കകം ബാങ്കുകളിലും പോസ്റ്റോഫിസുകളിലും അക്കൗണ്ട് തുടങ്ങണമെന്ന് പരാമർശം(2)ലെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ലായെന്നും സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ജി. ശിവപ്രസാദ്
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ, കേരള സർക്കിൾ, തിരുവനന്തപുരം
ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ/ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചെയർമാൻ, State Level Bankers' Committee (*SLBC*), Kerala
നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ, കേരള
പ്രിൻസിപ്പൽ അക്കൗണ്ടന്റ്ജനറൽ (Audit)/(A&E)/(LBA&A),Kerala, Thiruvananthapuram.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി:

പകർപ്പ്:- പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ